## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 1044**

**02.12.2015-ലെ മറുപടിയ്ക്ക്**

## ഡി.റ്റി.പി.സി. യുടെ നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കഠിനംകുളം വാട്ടർ സർക്യൂട്ടിന്റെ ഭാഗമായി കൊല്ലമ്പുഴയിൽ നിർമ്മിച്ച ടൂറിസം അമിനിറ്റീസ് സെന്റർ പ്രകൃതിക്ഷോഭത്തിൽ തകർന്നതിനെക്കുറിച്ചോ നിർമ്മാണത്തിലുണ്ടായ അപാകതയെക്കുറിച്ചോ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട്. നിർവ്വഹണ ഏജൻസിയായ സിഡ്കോയിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്. |
| (ബി) ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ഡി.റ്റി.പി.സി. നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളിൽ വ്യാപകമായുണ്ടായ ആക്ഷേപങ്ങളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) വേളിയിൽ സുനാമി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച സുനാമി പാർക്ക് തകർന്ന് നഷ്ടം സംഭവിച്ചതിനെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) വേളിയിൽ സുനാമി ഫണ്ട് വിനിയോഗിച്ച് പാർക്ക് നിർമ്മിച്ചിട്ടില്ല. |

| | | |
|---|---|---|
| (ഡി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം തിരുവനന്തപുരം ഡി. റ്റി. പി. സി. സെക്രട്ടറിക്കെതിരെ ഏതെല്ലാം പരാതി ളിന്മേൽ അന്വേഷണം നടന്നിട്ടുണ്ടെന്നും അന്വേഷണ പുരോഗതിയും റിപ്പോർട്ടും വിശദമാക്കുമോ? | (ഡി) തിരുവനന്തപുരം ഡിറ്റിപിസി സെക്രട്ടറിക്കെതിരെ നിരവധി പരാതികളടങ്ങിയ ഒരു റിപ്പോർട്ട് പട്ടിക ജാതി ക്ഷേമ സമിതി പ്രസിഡന്റ് ബഹു. മുഖ്യമന്ത്രിക്ക് നൽകുകയും പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ടൂറിസം വകുപ്പിന്റെ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ കമ്മീഷനിൽ ലഭിച്ച പരാതിയിന്മേൽ ടൂറിസം ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് തുടർ നടപടികൾക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷന് 05.05.2014-ന് നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ